REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 08-09-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ഇന്ത്യയുടെ 17-ാമത് ഉപരാഷ്ട്രപതിയെ നാളെ തിരഞ്ഞെടുക്കും.
- സംസ്ഥാന അധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു.
- ഓണാഘോഷത്തിന് സമാപനം കുറിച്ച് തൃശൂരിലെ പുലിക്കളി അല്പസമയത്തിനകം.
- അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിലായിരുന്ന ഒരാൾ കൂടി മരിച്ചു.
- സംസ്ഥാനത്ത് നാളെയും, മറ്റന്നാളും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ 17-ാമത് ഉപരാഷ്ട്രപതിയെ നാളെ തിരഞ്ഞെടുക്കും. വോട്ടെടുപ്പും വോട്ടെണ്ണലും നാളെത്തന്നെ പൂർത്തിയാകും. പാർലമെന്റിന്റെ ഇരു സഭകളിൽ നിന്നും 788 പേരടങ്ങിയ ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണനാണ് NDA- സ്ഥാനാർഥി. സുപ്രീംകോടതി മുൻ ജസ്റ്റിസ് B സുദർശൻ റെഡ്ഡിയാണ് I N D I സഖ്യസ്ഥാനാർഥി.

പാർലമെന്റ് മന്ദിരത്തിൽ രാവിലെ പത്തു മുതൽ വൈകിട്ട് അഞ്ച് വരെയാണ് വോട്ടെടുപ്പ്. രാജ്യസഭാ സെക്രട്ടറി ജനറൽ PC മോദിയാണ് റിട്ടേണിംഗ് ഓഫീസർ. വൈകിട്ട് ആറിന് വോട്ടെണ്ണൽ തുടങ്ങും.

✪✪✪

ആഗോള വ്യാപാരത്തിന്റെയും  വിജ്ഞാനത്തിന്റെയും കേന്ദ്രമാക്കി ഇന്ത്യയെ ഒരിക്കൽ കൂടി മാറ്റാൻ  രാഷ്ട്രപതി ദ്രൗപതി മുർമു ജനങ്ങളെ ആഹ്വാനം ചെയ്തു. ന്യൂഡൽഹിയിൽ എൻജിനീയറിംഗ് എക്സ്പോർട്സ് പ്രമോഷൻ കൗൺസിലിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. ഇന്ത്യൻ സമ്പദ് വ്യവസ്ഥ കൂടുതൽ സ്വയംപര്യാപ്തമാകേണ്ടതിന്റെയും, കയറ്റുമതിയിൽ കൂടുതൽ ഉയർച്ച നേടേണ്ടതിന്റെയും  ആവശ്യകത ദ്രൗപതി മുർമു എടുത്തുപറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വെള്ളപ്പൊക്ക സാഹചര്യം വിലയിരുത്താൻ നാളെ പഞ്ചാബ് സന്ദർശിക്കും. ദുരിത ബാധിതർക്ക് പരമാവധി സഹായം ലഭ്യമാക്കാനും സ്ഥിതിഗതി നേരിട്ട് വിലയിരുത്താനുമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം.  കേന്ദ്ര മന്ത്രി ശിവരാജ് സിങ് ചൗഹാൻ നേരത്തെ പഞ്ചാബിലെത്തിയിരുന്നു.

✪✪✪

ജമ്മുകശ്മീരിലെ കുൽഗാം ജില്ലയിൽ സുരക്ഷാ സേനയുമായി ഏറ്റുമുട്ടി ഒരു ഭീകരൻ കൊല്ലപ്പെട്ടു. ഒരു സുരക്ഷാ സൈനികന് പരിക്കേറ്റു. രഹസ്യ വിവരത്തെ തുടർന്ന് ഗുദാർ വനപ്രദേശത്ത് തിരച്ചിൽ നടത്തുന്നതിനിടെ സുരക്ഷാസേനയ്ക്കു നേരെ പുലർച്ചെ ഭീകരർ വെടി വെയ്ക്കുകയായിരുന്നു.

✪✪✪

ജമ്മുകശ്മീർ ഉൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളിലെ 22 ഇടങ്ങളിൽ NIA റെയ്ഡ് നടത്തി. ഭീകരവാദികൾക്ക് ധനസഹായം നൽകിയ കേസിലായിരുന്നു റെയ്ഡ്. കശ്മീരിനു പുറമെ  ഉത്തർപ്രദേശ്, ബിഹാർ, മഹാരാഷ്ട്ര, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലാണ് പുലർച്ചെ റെയ്ഡ് ആരംഭിച്ചത് .

✪✪✪

ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യയ്ക്ക് സൈനികരെയും യുദ്ധവിമാനങ്ങളെയും നഷ്ടമായെന്ന് കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി പറഞ്ഞതായി സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന വിഡിയോ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട്ചെക്ക് വിഭാഗം അറിയിച്ചു.

ദൃശ്യങ്ങൾ നിർമിതബുദ്ധി ഉപയോഗിച്ച് തയ്യാറാക്കിയതാണെന്നും ഇത്തരം വ്യാജവിവരങ്ങൾ പങ്കിടരുതെന്നും PIB മുന്നറിയിപ്പ് നൽകി.

✪✪✪

സംസ്ഥാന അധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു.  ലോവർ പ്രൈമറി മുതൽ, ഹയർ സെക്കന്ററി വരെ അഞ്ച് വിഭാഗങ്ങളിലായി 22 അധ്യാപകരാണ്

**പുരസ്കാരത്തിന് അർഹരായത്. തിരുവനന്തപുരത്ത് മന്ത്രി V ശിവൻകുട്ടിയാണ് അവാർഡ് ജേതാക്കളുടെ പേരുവിവരം പുറത്തുവിട്ടത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)....**

**മലപ്പുറം കുന്നുമ്മൽ UP സ്കൂളിലെ സയ്യിദ് റാഷിം, കാസർകോട് കുറ്റിക്കോൽ AUP യിലെ വനജകുമാരി, മട്ടന്നൂർ മധുസൂദനൻ തങ്ങൾ സ്മാരക ഗവൺമെന്റ് UPS യിലെ V K സജിത്കുമാർ, തൃശൂർ അയ്യന്തോൾ VHSS ലെ സൈജൻ T, മലപ്പുറം അരീക്കോട് ഗവൺമെന്റ് MUPS ലെ അഷ്റഫ് മോളയിൽ, മലപ്പുറം പുറത്തൂർ ഗവൺമെന്റ് UPS ലെ T മുഹമ്മദ് മുസ്തഫ, പാലക്കാട് കോട്ടോപാടം KA ഹയർസെക്കണ്ടറിയിലെ P ഗിരീഷ്, തൃശൂർ സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറിയിലെ വിൻസി വർഗീസ്, കണ്ണൂർ മമ്പറം ഹയർ സെക്കണ്ടറിയിലെ PM സജിത്കുമാർ, കൊടകര ഗവൺമെന്റ് ഹയർ സെക്കണ്ടറിയിലെ M സുധീർ തുടങ്ങിയവർ അവാർഡ് ജേതാക്കളിൽ ഉൾപ്പെടുന്നു.**

**പൊതുവിദ്യാലയങ്ങളിലെ എഴുത്തുകാരായ അധ്യാപകർക്ക് നൽകുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ പുരസ്കാരം തലശ്ശേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറിയിലെ TK അനിൽകുമാർ, കാസർകോട് കോട്ടിക്കുളം ഗവൺമെന്റ് UPS ലെ പ്രകാശൻ കരിവള്ളൂർ, പാലക്കാട് നടുവട്ടം GJ ഹയർ സെക്കണ്ടറിയിലെ സുധ തേക്കെമഠം തുടങ്ങിയവർ ഈ വിഭാഗത്തിൽ പുരസ്കാരം നേടി. അവാർഡുകൾ മറ്റന്നാൾ ഉച്ചയ്ക്ക് തിരുവനന്തപുരം ടാഗോർ തിയറ്ററിൽ വിതരണം ചെയ്യും.**

**✪✪✪**

**അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിലായിരുന്ന ഒരാൾ കൂടി മരിച്ചു. മലപ്പുറം സ്വദേശി ശോഭനയാണ് മരിച്ചത്. ഇവരെ കഴിഞ്ഞ ദിവസമാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കഴിഞ്ഞ ഒരു മാസത്തിനിടെ അഞ്ച് പേരാണ് ഇതുവരെ അമീബിക് ജ്വരം ബാധിച്ച് മരിച്ചത്. നിലവിൽ പത്ത് പേർ ചികിൽസയിലുണ്ട്.**

**✪✪✪**

**നിപ വൈറസ് ബാധിച്ച മനുഷ്യരിലും, മൃഗങ്ങളിലും അത് കണ്ടെത്താൻ കഴിയുന്ന സ്യൂഡോ വൈറസ് പരിശോധനാ സംവിധാനം തിരുവനന്തപുരം തോന്നയ്ക്കലിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി വികസിപ്പിച്ചെടുത്തത് അഭിമാനകരമാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.**

നിപ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് രോഗലക്ഷണങ്ങൾ പ്രകടമാകാത്ത അണുബാധ ഉണ്ടായോ എന്നറിയാനും ഈ സംവിധാനം ഉപകരിക്കുമെന്ന് മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു.

✪✪✪

പാലക്കാട് സ്മാർട്ട്സിറ്റിയുടെ വികസന സാധ്യതകൾ വിലയിരുത്തുന്ന വ്യവസായ ഉച്ചകോടി വൈകിട്ട് ചേരും. കഞ്ചിക്കോട് ഇൻഡസ്ട്രീസ് ഫോറം സംഘടിപ്പിക്കുന്ന പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത്...

.....വോയ്സ്....

✪✪✪

GST-യുമായി ബന്ധപ്പെട്ട ഉപയോഗിക്കാത്ത സെസ് ക്രെഡിറ്റ്, നികുതി ഒഴിവാക്കിയ ഉല്പന്നങ്ങളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, എന്നിവയടക്കം ഏതാനും ഇളവുകൾ ഈ മാസം 22 മുതൽ ലഭ്യമാകുമെന്ന തരത്തിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന സന്ദേശം കേന്ദ്ര പരോക്ഷ നികുതി-കസ്റ്റംസ് ബോർഡ് തള്ളി. ഇത് വ്യാജവും തെറ്റിദ്ധരിപ്പിക്കുന്നതു മാണെന്ന് ബോർഡ് വ്യക്തമാക്കി.

GST യുമായി ബന്ധപ്പെട്ട ആധികാരിക വിവരങ്ങൾക്ക് ഔദ്യോഗിക വെബ്സൈറ്റിനെ മാത്രം ആശ്രയിക്കണമെന്ന് CBIC അഭ്യർഥിച്ചു.

✪✪✪

ഓണാഘോഷത്തിന് സമാപനം കുറിച്ച് തൃശൂരിലെ പുലിക്കളി അല്പസമയത്തിനകം. പുലിമടകളിൽ പുലിക്കളി തയ്യാറെടുപ്പുകൾ അവസാന ഘട്ടത്തിലാണ്.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

....(വോയ്സ്).............

✪✪✪

ഗവണ്മെന്റിന്റെ ഓണം വാരാഘോഷത്തിന് സമാപനം കുറിച്ച് സാംസ്കാരിക ഘോഷയാത്ര നാളെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ളാഗ് ഓഫ് ചെയ്യും. തിരുവനന്തപുരം വെള്ളയമ്പലത്ത് നിന്ന് കിഴക്കേകോട്ട വരെ നീളുന്ന ഘോഷയാത്രയിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കലാരൂപങ്ങളും

അണിനിരക്കും. നാളെ ഉച്ചയ്ക്ക് ശേഷം നഗര പരിധിയിൽ സ്കൂളുകൾക്കും ഗവൺമെന്റ്, അർദ്ധ ഗവൺമെന്റ് ഓഫീസുകൾക്കും അവധി നൽകിയിട്ടുണ്ട്.

✪✪✪

ഓണാവധി ആഘോഷിക്കാൻ ഇടുക്കിയിലെ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സഞ്ചാരികളുടെ ഒഴുക്ക്.

ഇടുക്കിയിൽ നിന്ന്  രതീഷ് കൃഷ്ണ.

....(വോയ്സ്)................

✪✪✪

സംസ്ഥാനത്ത്  നാളെയും, മറ്റന്നാളും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

സംസ്ഥാന സബ് ജൂനിയർ ബോൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ മലപ്പുറത്തിന് കിരീടം. തുടർച്ചയായി രണ്ടാം തവണയാണ് മലപ്പുറം കിരീടം നേടുന്നത്. പാലക്കാടിനെയാണ് അവർ പരാജയപ്പെടുത്തിയത്.

ആൺകുട്ടികളുടെ വിഭാഗത്തിൽ കൊല്ലം ഒന്നാം സ്ഥാനം നേടി. മലപ്പുറത്തിനാണ് രണ്ടാം സ്ഥാനം. വണ്ടൂർ എളേറ്റിൽ AJ ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ.

✪✪✪

കുന്നംകുളത്ത് യൂത്ത് കോൺഗ്രസ് നേതാവിനെ പൊലീസ്  മർദിച്ച സംഭവത്തിൽ  പ്രതിഷേധിച്ച് മറ്റന്നാൾ  കേരളത്തിലെ മുഴുവൻ പൊലീസ് സ്റ്റേഷനുകൾക്ക് മുന്നിലും കോൺഗ്രസ് പ്രതിഷേധ സദസ്സ് സംഘടിപ്പിക്കുമെന്ന് KPCC പ്രസിഡന്റ്  സണ്ണി ജോസഫ് അറിയിച്ചു. വിഷയം നിയമസഭയിൽ ഉന്നയിക്കുമെന്നും  സണ്ണി ജോസഫ് പറഞ്ഞു.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 80 രൂപ താഴ്ന്ന് 79,480 ലെത്തി. 9,935 രൂപയാണ് ഇന്ന്  ഗ്രാമിന് വില.

✪✪✪

സുൽത്താൻ ബത്തേരി പാട്ടവയൽ റോഡിൽ രാവിലെ KSRTC ബസും, ബൈക്കും കൂട്ടിയിടിച്ച് യുവാവ് മരിച്ചു. പന്തല്ലൂർ നെല്ലാക്കോട്ട പാക്കണ സ്വദേശി മുഹമ്മദ് ഹാഷിം ഇസ്മായീൽ എന്ന 32 കാരനാണ് മരിച്ചത്.

✪✪✪

കണ്ണൂർ - തലശ്ശേരി ദേശീയപാതയിൽ താഴെചൊവ്വയ്ക്ക് സമീപം ചരക്ക് ലോറി മറിഞ്ഞ് വൻ ഗതാഗതകുരുക്ക് ഉണ്ടായി. താഴചൊവ്വ റെയിൽവേ ഗേറ്റ് കേടായതും കുരുക്ക് രൂക്ഷമാക്കി. വാഹനങ്ങൾ വഴി തിരിച്ചു വിട്ടു. അപകടത്തിൽ രണ്ട് പേർക്ക് പരിക്കേറ്റു.

✪✪✪

---

*News Editor : വി.കെ സുരേഷ്*
*News Reader : അനുഷ ആത്മപ്രകാശ്*
*NRTs : അനിൽ ചന്ദ്രൻ*
*DEO : ഷീബ*